**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 965** **18-09-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമപദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ലക്ഷ്യം നേടിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | പട്ടിക ജാതി, പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെയുള്ള പദ്ധതികൾ ലക്ഷ്യം നേടിയിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>പട്ടികവർഗ്ഗക്കാരുടെ പ്ലാൻ ഫണ്ട് വിനിയോഗ വിവരങ്ങൾ സംസ്ഥാന തലത്തിലും ജില്ലാതലത്തിലും അവലോകനം ചെയ്യുന്നതിന് "പ്ലാൻ സ്പേയ്സ്" എന്ന സംവിധാനം നിലവിലുണ്ട്. ഇതിലൂടെ ഓരോ പദ്ധതിയിലും വിനിയോഗിക്കുന്ന ഫണ്ട് വിവരം അറിയാൻ സാധിക്കുന്നതാണ്. ഈ സംവിധാനം പ്രയോജനപ്പെടുത്തിക്കൊണ്ട് പദ്ധതി പുരോഗതി വിലയിരുത്തുന്നുണ്ട്. ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ മാസത്തിലൊരിക്കൽ വിവിധ വകുപ്പുകളുടെ പ്രാതിനിധ്യത്തോടെ പദ്ധതി പുരോഗതി വിലയിരുത്തുന്നതിനോടൊപ്പം വിവിധ പാദങ്ങളിലായി സർക്കാർ നിഷ്കർഷിച്ചിട്ടുള്ള പുരോഗതി കൈവരിക്കുന്നതിന് ആവശ്യമായ നിർദ്ദേശവും നൽകുന്നുണ്ട്.<br><br>പട്ടികവർഗ്ഗ വിഭാഗത്തിനായി നടപ്പിലാക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും കാര്യക്ഷമത ഉറപ്പ് വരുത്തി പുരോഗതി വിലയിരുത്തുന്നതിനുമായി എല്ലാ ജില്ലകളിലും ജില്ലാ കളക്ടർ അദ്ധ്യക്ഷനും ജനപ്രതിനിധികൾ അംഗങ്ങളുമായി വർക്കിംഗ് ഗ്രൂപ്പ് നിലവിലുണ്ട്. ജില്ലാതലത്തിൽ നടത്തുന്ന പദ്ധതികളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് ഈ കമ്മിറ്റി പദ്ധതികൾ പരിശോധിച്ച് യഥാസമയം പുരോഗതി വിലയിരുത്തി വരുന്നു. |

| | | | |
|---|---|---|---|
| | | | **പട്ടികജാതി വികസന വകുപ്പ്**<br><br>പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ PM-AJAY പദ്ധതിയുടെ നൈപുണ്യ വികസന പരിശീന<br><br>പദ്ധതിയായ BWFS (Bird World wide Flight Service) എന്ന സ്ഥാപനം മുഖേനയുള്ള Airline Customer Executiveഎന്ന പരിശീല പദ്ധതിയും ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള മുഖേന നടത്തുന്ന Certificate in PCB Design, Certified Block chain Architect Programme, PG Diploma in Cyber Security എന്നീ 3 പരിശീലന പദ്ധതിയും വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്നു. കൂടാതെ PM AJAY (Grant in Aid പദ്ധതിയുടെ Income Generation Activity) ഘടകത്തിൽ ഉൾപ്പെട്ട കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ സമർപ്പിച്ച 11പദ്ധതികളും നടപ്പിലാക്കി വരുന്നു. |
| (ബി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ ഒരോ പദ്ധതിയുടെയും നിലവിലെ അവസ്ഥ അറിയിക്കാമോ; | (ബി) | **പട്ടികവർഗ്ഗ വികസന വകുപ്പ്**<br><br>നടപ്പ് സാമ്പത്തിക വർഷത്തെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .<br><br>1. സംസ്ഥാന വിഹിതം-69,713 ലക്ഷം രൂപ സംസ്ഥാന വിഹിതം ചെലവായതുക-18,989.06 ലക്ഷം രൂപ<br><br>2. കേന്ദ്ര വിഹിതം -6793.41 ലക്ഷം രൂപ<br><br>കേന്ദ്ര വിഹിതം ചെലവായ തുക-3739.73 ലക്ഷം രൂപ<br><br>3. ആകെ വിഹിതം-76506.41 ലക്ഷം രൂപ<br><br>ആകെ ചെലവായ തുക-22,728.79 ലക്ഷം രൂപ<br><br>**പട്ടികജാതി വികസന വകുപ്പ്**<br><br>കേന്ദ്രാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ വകുപ്പ് മുഖേന നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും നിർവഹണ നടപടികൾ പുരോഗമിക്കുന്നു. BWFSഎന്ന സ്ഥാപനം മുഖേന വകുപ്പ് നടപ്പിലാകുന്ന Airline Customer Executiveഎന്ന നൈപുണ്യ വികസന പരിശീലനത്തിലൂടെ 2023-24, 2024-25 എന്നീ വർഷങ്ങളിൽ പരിശീലനം ലഭിച്ച 100 (50+50) പരിശീലനാർത്ഥികളിൽ പരിശീലനം വിജയകരമായി പൂർത്തീകരിച്ച 88 (44+44) പേർക്ക് സ്ഥാപനം ജോലി നൽകിയിട്ടുണ്ട്. ഡിജിറ്റൽ യൂണിവേഴ്സിറ്റി, കേരള -മുഖേന നടത്തുന്ന Certificate in PCB Design, |

| | | | |
|---|---|---|---|
| | | | Certified in Block chain Architect Programme, PG Diploma in Cyber Securityഎന്നീ 3 നൈപുണ്യ വികസന പരിശീലനം 2023-24 അധ്യയന വർഷത്തിൽ 82 വിദ്യാർത്ഥികൾ വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. ഇതിൽ Certified Block chain Architect Programme ൽ 28 വിദ്യാർത്ഥികൾക്ക് placement ലഭ്യമായിട്ടുണ്ട്.<br><br>PM AJAY (Grant in Aid) പദ്ധതിയുടെ income Generation Activityഘടകത്തിൽ ഉൾപ്പെട്ട കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ കോർപ്പറേഷൻ സമർപ്പിച്ച11 പദ്ധതികളിൽ 669 പേർക്കായി 3,19,29,000/- രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.<br><br>PCR&POA Act പ്രകാരം നിലവിൽ 2025-26 സാമ്പത്തിക വർഷത്തെ കേന്ദ്ര വിഹിതം ലഭ്യമാക്കുന്നതിനായി 10,500 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്. |
| (സി) | പദ്ധതിയേതര വിഹിതത്തിൽ പകുതിപോലും ചെലവിടാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (സി) | പദ്ധതിയേതര വിഹിതത്തിൽ പകുതിപോലും ചെലവിടാൻ കഴിയാത്ത സാഹചര്യം നിലവിൽ ഉണ്ടായിട്ടില്ല. നടപ്പ് സാമ്പത്തിക വർഷം നാളിതു വരെ പദ്ധതിയേതര വിഹിതത്തിൽ പട്ടിക വർഗ്ഗ വികസന വകുപ്പ് 57.22% തുകയും പട്ടികജാതി വികസന വകുപ്പ് 60.70% തുകയും ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ